LIBRARY ARCHIVES Kerala Legislative Assembly

പ്ലാപ്പള്ളിയിൽ നിന്നും അച്ചൻകോവിലിലേക്ക് ദേശീയപാത

21 [999] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോരമേഖലയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി പ്ലാപ്പള്ളിയിൽ നിന്നും അച്ചൻകോവിലിലേക്ക് ദേശീയപാത നിർമ്മിക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുന്നതിനായി ആരെങ്കിലും ചുമതല പ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇവർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്ക് എന്തു തുക ചെലവ് വരും;

(ഡി) തമിഴ്നാട്ടിൽ നിന്നു വരുന്ന ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനം ചെയ്യുന്ന ഈ റോഡിനുവേണ്ടി വനഭൂമിയോ, മറ്റ് സ്വകാര്യ വസ്തുക്കളോ വിട്ടുകിട്ടേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

പുതിയ ജലനയം പ്രഖ്യാപിക്കാൻ നടപടി

22 [1000] ശ്രീ. എഴുകോൺ നാരായണൻ:
„ എം. മുരളി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുവേണ്ടി പുതിയ ജലനയം പ്രഖ്യാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) സംസ്ഥാനത്തെ മലനിരകളിൽ പ്രത്യേകിച്ച് തമിഴ്നാടുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലെ വെള്ളത്തെയും അത് തമിഴ്നാട് അനധികൃതമായി ചോർത്താതിരിക്കാനുള്ള നടപടികളെക്കുറിച്ചും പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) തമിഴ്നാടിന് സൗജന്യമായി നൽകുന്ന ജലം നിർത്തലാക്കുന്നതിനെ ക്കുറിച്ച് അതിൽ പ്രഖ്യാപനമുണ്ടാകുമോ;

(ഡി) സംസ്ഥാന താൽപര്യം സംരക്ഷിച്ചതിനുശേഷം മാത്രം അന്യസംസ്ഥാനങ്ങൾക്ക് വെള്ളം നൽകുന്നതിനെപ്പറ്റി അതിൽ ആവശ്യമായ ഉറപ്പുകൾ ഉൾക്കൊള്ളിക്കുമോ?